

**ഡോ. മനോജ് കുമാർ തേറയിൽ**

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൈൻഡ്
ആൻഡ് ബ്രെയിൻ
തൃശൂർ

# ചികിത്സ നമ്മുടെ അവകാശം

**പൗരന്റെ ആരോഗ്യസംരക്ഷണം സർക്കാരിന്റെ ഔദാര്യമല്ല, ചുമതലയാണ്. പണമില്ലെന്ന് പറഞ്ഞ് ചികിത്സ നിഷേധിക്കുന്നിടത്ത് ജനാധിപത്യം അവസാനിക്കുന്നു**

ചികിത്സ വ്യക്തിയുടെ അവകാശമാണോ? ജീവൻ നിലനിർത്താനുള്ള ചികിത്സ നൽകാൻ സർക്കാരിനു ബാധ്യതയുണ്ടോ? പണമില്ല എന്ന് പറഞ്ഞു ആരോഗ്യ വകുപ്പിനു ചികിത്സ നിഷേധിക്കാനാകുമോ ? വ്യക്തികളുടെ ആരോഗ്യത്തിൽ സർക്കാരിന്റെ ഉത്തരവാദിത്വം എന്ത് എന്ന് ആരായുന്ന ഈ ചോദ്യങ്ങൾ കേരള ഹൈകോടതിയിലെ ജസ്റ്റിസ് പി ബി സുരേഷ് കുമാർ, 2016 സെപ്റ്റംബർ 22 ന് പുറപ്പെടുവിച്ച വളരെ സുപ്രധാനമായ ഒരു വിധിയുടെ ഭാഗമായി ഉയർത്തുകയുണ്ടായി.

തൃത്താലക്കാരൻ മനോജിന്റെ മകൻ ഗോവിന്ദ് അപൂർവമായ ഒരു ജനിതക രോഗത്തിന്റെ പിടിയിലാണ്. കോശങ്ങളുടെ പ്രവർത്തനത്തിന് അത്യാവശ്യമായ ഒരു ദീപന രസം (enzyme) ഗോവിന്ദിന്റെ ശരീരം ഉണ്ടാക്കുന്നില്ല. ഇതു ക്രമേണ പേശികൾ, ഹൃദയം എന്നിവയെ തളർത്തി മരണത്തിലേക്ക് നയിക്കുന്നു. ഗോവിന്ദിന്റെ സഹോദരി ഇതേ രോഗം കാരണം 2010-ൽ മരണപ്പെടുകയുണ്ടായി. ഈ രോഗത്തിന് ഉള്ള ഒരേ ഒരു ചികിത്സ കൃത്രിമമായി ഉണ്ടാക്കിയ ദീപന രസം നൽകുക എന്നതു മാത്രമാണ്. 2006 ലാണ് ഈ ചികിത്സ കണ്ടുപിടിക്കുന്നത്. ശാസ്ത്രത്തിന്റെ വൻ പുരോഗതി തന്നെയാണ് ഈ ചികിത്സ. പക്ഷേ ഇത് വളരെ ചെലവേറിയതാണ്. ഒരു വർഷത്തേക്ക് 50 ലക്ഷം രൂപയുടെ കുത്തിവെപ്പ് മരുന്ന് വേണം. ഇതാകട്ടെ ജീവിതകാലം മുഴുവൻ ലഭ്യമാവുകയും വേണം. മയോസൈം (Myozyme) എന്ന ഈ മരുന്നുണ്ടാക്കുന്ന ജെൻസൈം(Genzyme) കമ്പനി ചില രാജ്യങ്ങളിൽ കുറച്ചുകാലത്തേക്ക് ചിലർക്ക് ഇത് സൗജന്യമായി നൽകുന്നുണ്ട്. ഇത് കിട്ടുന്നതു മൂലം ഗോവിന്ദ് ഇന്ന് ജീവിച്ചിരിക്കുന്നു. ചികിത്സ ലഭ്യമാണെന്ന് കാണിക്കാനായാണ് കമ്പനികൾ ഇത്തരം സൗജന്യങ്ങൾ നൽകുക. മരുന്ന് കമ്പനി ഈ ഔദാര്യം എപ്പോൾ വേണമെങ്കിലും നിർത്താം. ഇത്തരത്തിൽ സൗജന്യങ്ങൾ നിർത്തിയ ഏറെ സന്ദർഭങ്ങൾ ഉണ്ടായിട്ടുമുണ്ട്. ഗോവിന്ദിന്റെ രക്ഷിതാക്കൾ മകന്റെ ജീവൻ രക്ഷിക്കാൻ ഒരു മാർഗവും കാണാതെ വന്നപ്പോളാണ് കോടതിയെ അഭയം പ്രാപിച്ചത് .

## സർക്കാർ ചെയ്തത്

ഇക്കാര്യം ശ്രദ്ധയിൽ വന്നപ്പോൾ സർക്കാർ നൽകിയത് ഏതാണ്ട് രണ്ടാഴ്ചക്കുള്ള മരുന്ന് മാത്രമാണ്. ദേശീയ മനുഷ്യാവകാശ കമ്മിഷൻ ഇക്കാര്യത്തിൽ ഇടപെടാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. ഇക്കാര്യം ഉന്നയിച്ച് ആരോഗ്യ വകുപ്പ് കേന്ദ്ര സർക്കാരിനു കത്ത



യച്ചു. ഇതിനു മറുപടി കിട്ടിയില്ല. മുഖ്യമന്ത്രി തന്റെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ (മൂന്ന് ദിവസത്തെ മരുന്നിനുള്ള പണം) അനുവദിച്ചു. മരുന്ന് ഒഴികെയുള്ള എല്ലാ ചികിത്സയും സംസ്ഥാനം വഹിക്കുമെന്നും ഉറപ്പു നൽകി.

## ആരോഗ്യവകുപ്പിന്റെ വാദം

അഞ്ചര ലക്ഷം കുട്ടികളാണ് കേരളത്തിൽ ഒരു വർഷം ജനിക്കുന്നത്. ഇതിൽ 15 പേർക്കാണ് ഇത്തരത്തിൽ ഉള്ള ജനിതക രോഗങ്ങൾ ഉള്ളത്. ഒരാൾക്ക് ഒരു വർഷം 50 ലക്ഷം ചികിത്സിക്കാൻ ചെലവു വന്നാൽ, എല്ലാവർക്കുമായി 750 ലക്ഷം ഓരോ വർഷവും വേണ്ടി വരും. മരുന്നിനായി സംസ്ഥാന സർക്കാർ ഓരോ വർഷവും മാറ്റി വെക്കുന്ന 300 കോടിയുടെ നല്ലൊരു പങ്കും ഇതിനു തന്നെ വേണ്ടി വരും. അങ്ങനെ വന്നാൽ സർക്കാർ ആസ്പത്രികളെ ആശ്രയിക്കുന്ന ആയിരങ്ങൾ മരുന്നില്ലാതെ കുഴങ്ങും. സർക്കാരിനു ഇത് അനുവദിക്കാൻ കഴിയില്ല.

## സർക്കാർ നിലപാട് ശരിയോ

പ്രത്യക്ഷത്തിൽ സർക്കാർ സ്വീകരിച്ച നിലപാടല്ലേ ശരി എന്ന് പലരും ചിന്തിച്ചു പോകും. ഉള്ള പണത്തിൽ നിന്നല്ലേ സർക്കാരിനായാലും കൊടുക്കാൻ പറ്റൂ? ഇത്തരം അവസ്ഥകളിൽ, നിർഭാഗ്യകരമെങ്കിലും, 'കൂടുതൽ ആളുകൾക്ക് മെച്ചം' ഉള്ള വിധത്തിൽ മാത്രമേ പണം ചെലവാക്കാനാകൂ. ഉദാര മനസ്കർ ചേർന്ന് പണം കണ്ടെത്തി ചികിത്സിക്കണം എന്നാണ് സർക്കാർ പറയുന്നത്. ഗോവിന്ദിന്റെ ചികിത്സ അങ്ങേയറ്റം ചെലവേറിയതു തന്നെ. ജീവിക്കാൻ അത്യാവശ്യ സാമ്പത്തിക സൗകര്യങ്ങൾ ഉള്ളവർക്കും, സാധാരണ ഗതിയിൽ ധനികർ എന്ന് നമ്മൾ പറയുന്നവർക്കും താങ്ങാൻ പറ്റാത്തതാണ് ഈ ചെലവ്. ഇത്രത്തോളം അല്ലെങ്കിലും, വലിയ ചികിത്സച്ചെലവുകൾ താങ്ങാനാവാതെ മരുന്നുകൾ നിർത്തിവെക്കുന്നവർ, ജീവൻരക്ഷാ ഇടപെടലുകൾ പോലും മാറ്റി വെക്കുന്നവർ നിരവധിയാണ്. ചികിത്സ കാരണം എല്ലാം വിൽക്കേണ്ടി വന്ന് മറ്റുള്ളവരുടെ ഔദാര്യത്തിൽ ജീവിക്കേണ്ടിവരുന്നവർ നിരവധിയാണ്. അവരിൽ പലരും നേരത്തെ മരിക്കുന്നു. മരിച്ച പോലെ ജീവിക്കുന്നു. ബഹുഭൂരിപക്ഷം വരുന്ന ഇടത്തരക്കാരും ചികിത്സാച്ചെലവുകൾ മൂലം ശ്വാസം മുട്ടുകയാണ്. ഇത് ഡോക്ടറോ ആസ്പത്രിയോ ദീനാനുകമ്പ ഉള്ള അയൽക്കാരോ വിചാരിച്ചാൽ പരിഹരിക്കാവുന്ന പ്രശ്നമല്ല.

ചികിത്സാസംവിധാനങ്ങൾ എങ്ങനെയാണ് സമൂഹം ക്രമീകരിച്ചിരിക്കുന്നത് എന്നതാണ് ചെലവിനെ നിർണയിക്കുന്ന പ്രധാന ഘടകം. ഇൻഷുറൻസ് മോഡലും, ഇന്നുള്ള സ്വകാര്യ-സർക്കാർ സമാന്തര മോഡലും, ചികിത്സച്ചെലവിനെ കൂട്ടിക്കൊണ്ടിരിക്കുകയെ ഉള്ളൂ. വർധിക്കുന്ന ആവശ്യങ്ങളും, പുതിയ ചികിത്സകളും സ്വാഭാവികമായും ചികിത്സാ ചെലവുകൾ കൂട്ടും. പക്ഷേ സമൂഹം കൂട്ടായി വിഭവസമാഹരണം നടത്തി, സാമൂഹ്യ മേൽനോട്ടത്തിൽ സേവനങ്ങൾ നൽകുന്ന ആരോഗ്യസംരക്ഷണ മോഡൽ തന്നെയാണ് അപ്പോഴും മെച്ചം. വരുമാനത്തിനനുസരിച്ചു ഓരോരുത്തരും വിഹിതം നൽകി, സാമൂഹ്യമായ മേൽനോട്ടത്തിൽ,സ്വകാര്യ - സർക്കാർ മേഖലകൾ പരസ്പരം യോജിച്ചു പ്രവർത്തിക്കുന്ന ഒരു സംസ്ഥാന ആരോഗ്യ സർവീസ് ആണ് ഇതിനു വേണ്ടത്. കേരള ജനത മൊത്തത്തിൽ ചികിത്സക്കായി ഇന്ന് ചെലവഴിക്കുന്ന പണം ഉണ്ടെങ്കിൽ ലോക നിലവാരത്തിൽ ഉള്ള ഒരു ആരോഗ്യ സർവീസ് ഉണ്ടാക്കാൻ നമുക്ക് കഴിയും. ചികിത്സ വ്യക്തിയുടെ അവകാശമാണ് എന്ന് സമൂഹം അംഗീകരിക്കുകയും അത് നടപ്പാക്കാൻ ലക്ഷ്യമിട്ടുള്ള ഒരു സർവീസ് രൂപപ്പെടുത്തുകയും വേണം.



## ചികിത്സ അവകാശമോ

ആവശ്യമുള്ളപ്പോൾ ഡോക്ടർ നിർദേശിക്കുന്ന ചികിത്സ ലഭ്യമാകണം. ഇത് സാമ്പത്തിക സ്ഥിതി നോക്കിയാവരുത്. അമേരിക്ക ഒഴികെ ഒട്ടു മിക്ക വികസിത രാജ്യങ്ങളും ചികിത്സ അടിസ്ഥാന അവകാശം ആക്കിയിട്ടുണ്ട്. സമൂഹത്തിന്റെ പൊതു പുരോഗതിക്ക് ഇത് അത്യാവശ്യം എന്ന് ബോധ്യപ്പെട്ടുകൊണ്ടാണ് ഈ രാജ്യങ്ങൾ ഇതിലേക്ക് എത്തുന്നത്.

ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 21 ഇക്കാര്യം വ്യക്തമായി പറയുന്നുണ്ട് . പൗരന്റെ ജീവൻ അപകടത്തിലെങ്കിൽ മറ്റൊരു കാര

ണവും പറഞ്ഞു അത് സംരക്ഷിക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്നും സ്റ്റേറ്റിനു മാറാൻ കഴിയില്ല. ഭരണഘടനാപരവും നിയമപരവുമായ ബാധ്യത എങ്ങനെയാണ് സർക്കാർ നിറവേറ്റുന്നത് എന്ന ചോദ്യത്തിന് അവികസിത രാജ്യങ്ങളിൽ എല്ലാവർക്കും ചികിത്സ നൽകുക എന്നത് സാധ്യമല്ല എന്നാണ് കേരള സർക്കാർ വാദിച്ചത്. ഇന്ത്യ ഒപ്പിട്ടിട്ടുള്ള മനുഷ്യാവകാശ പ്രമാണം(ആർട്ടിക്കിൾ 25), ഐക്യരാഷ്ട്രസഭയുടെ കുട്ടികളുടെ അവകാശ പ്രമാണം (കുട്ടികൾക്കാവശ്യമായ ചികിത്സ ഉറപ്പുവരുത്തുമെന്ന ആർട്ടിക്കിൾ 24) തുടങ്ങിയവ എല്ലാം ചികിത്സ പൗരന്റെ അവകാശമാണ് എന്നും അത് ഉറപ്പുവരുത്താനുള്ള നടപടികൾ



സർക്കാരിന്റെ ബാധ്യതയാണെന്നും വ്യക്തമാക്കുന്നതാണ് എന്നും കോടതി ഓർമിപ്പിക്കുകയുണ്ടായി.

ഒരു സർക്കാരും പറയാൻ പാടില്ലാത്തതാണ് സംസ്ഥാന സർക്കാർ പറഞ്ഞത് എന്നും വിധിയിൽ പറയുന്നുണ്ട്. ആസ്പത്രികൾക്ക് മരുന്ന് വാങ്ങാൻ വെച്ച പണത്തിന്റെ കണക്കിൽ കാര്യമില്ല എന്നും, ജീവൻ നിലനിർത്താനുള്ള ഇത്തരം ചികിത്സകൾക്ക് സർക്കാർ മറ്റു വഴികൾ കാണണം എന്നും കോടതി പറഞ്ഞു. അത് വ്യക്തികളുടെ മേൽ കെട്ടിവച്ചു രക്ഷപ്പെടരുത് എന്നും ഒരു വിദേശ കമ്പനി നീട്ടുന്ന ഔദാര്യം പോലും കാണിക്കാൻ പറ്റാത്തത് എന്തുകൊണ്ടെന്നും കോടതി ചോദിക്കുകയുണ്ടായി.

**ചികിത്സാച്ചെലവ് കാരണം എല്ലാം വിറ്റ് കഷ്ടപ്പെടുന്നവർ അനവധിയാണ്**

## താങ്ങാൻ പറ്റാത്ത വില

മരുന്നുകൾ പലതും കണ്ടുപിടിക്കുന്നതു സർവകലാശാല ഗവേഷകർ ആണെങ്കിലും അത്തരം അറിവുകൾ ആളുകൾക്ക് ഉപയോഗിക്കാവുന്ന മരുന്നാക്കി മാറ്റുന്നതു സ്വകാര്യ കമ്പനികൾ ആണ്. ചെലവ് ഏറെയുള്ളതാണ് ഈ പ്രക്രിയ എന്നത് ശരി തന്നെ. കുറച്ചു പേർക്ക് മാത്രം ഗുണം കിട്ടുന്ന, ചെറിയ മാർക്കറ്റ് മാത്രം ഉള്ള അപൂർവ രോഗങ്ങൾക്കുള്ള മരുന്നുകൾ വികസിപ്പിക്കാൻ ആർക്കും തത്പര്യം ഇല്ലാതിരുന്ന കാലത്താണ് അമേരിക്ക ഓർഫൻ മരുന്ന് നിയമം (1983) കൊണ്ട് വന്നത്. അപൂർവ രോഗങ്ങൾക്കുള്ള മരുന്നുകൾ വികസിപ്പിക്കുന്ന കമ്പനികൾക്ക് നികുതി ഇളവ്, കൂടുതൽ കാലം മാർക്കറ്റ് സംരക്ഷണം, ഗവേഷണ സബ്സിഡി തുടങ്ങി ഒട്ടേറെ പ്രോത്സാഹനങ്ങൾ ഈ നിയമം നൽകി. ഇന്ന് ഏറ്റവും ലാഭം കൊയ്യുന്ന ഒന്നാണ് അപൂർവ രോഗ മരുന്നുകൾ. 10000 ആളുകളെ മാത്രം ബാധിച്ചിരുന്ന ഒരു രോഗത്തിന് ഒരു കൃത്രിമ എൻസൈം ഉണ്ടാക്കി 1990-ൽ തുടങ്ങിയ ഈ കമ്പനി ഈ ഒറ്റ മരുന്നിന്റെ വില്പനയിൽ നിന്നും 15 ബില്ല്യൺ ഡോളർ ലാഭം ഉണ്ടാക്കി. മരുന്ന് ഗവേഷണത്തിനായി പണം ചെലവഴിക്കേണ്ടി വരുന്നതിനാലാണ് ഇത്തരം മരുന്നുകൾക്ക് ലക്ഷങ്ങൾ വില വരുന്നത് എന്ന് പറയുന്നതിൽ ഒട്ടും സത്യമില്ല എന്നർഥം.

എല്ലാവർക്കും എല്ലാ ചികിത്സയും നൽകാൻ കഴിയില്ല എന്നത് ശരി തന്നെ. ആരോഗ്യകാര്യത്തിൽ മുന്നിൽ നിൽക്കുന്ന സമൂഹം കൂട്ടായി ആരോഗ്യ ചികിത്സ ആവശ്യങ്ങൾ നിറവേറ്റുന്ന രാജ്യങ്ങളിലും വൻ ചെലവുള്ള ചികിത്സകൾക്കു നിയന്ത്രണം ഉണ്ട്. ചെലവേറിയ ചികിത്സകൾ കൊണ്ട് എത്രത്തോളം ഗുണം കിട്ടുന്നു എന്നും അതിനുള്ള ശാസ്ത്രീയ തെളിവുകൾ എന്തൊക്കെ എന്നും നോക്കിയാണ് ഇവ ലഭ്യമാക്കുന്നത്. അപൂർവ രോഗങ്ങൾക്കുള്ള പല ചികിത്സകളും ഗണ്യമായ ഗുണം രോഗിക്ക് നൽകുന്നില്ല എന്നത് ചൂണ്ടിക്കാട്ടി ഇത്തരം ചികിത്സകൾ പലതും നിഷേധിക്കാറും ഉണ്ട്. അവിടെയും ചോദ്യം ചെയ്യപ്പെടാത്ത ഒരു തത്വം ഉണ്ട്, ജീവൻ രക്ഷിക്കുന്ന ചികിത്സ ചെലവു നോക്കാതെ നൽകണം.

കേരളത്തിലെ നിയമസഭാംഗങ്ങൾ അഞ്ചു വർഷം കൊണ്ട് 420 ലക്ഷം രൂപയുടെ ചികിത്സ ചെലവുകൾ എഴുതി എടുത്തു എന്ന്  ഈയിടെ വാർത്ത വന്നു. കോടികൾ സ്വത്തുള്ള ആളുകളും ലക്ഷങ്ങൾ ഈ വകയിൽ പറ്റിയിട്ടുണ്ട്. ഉന്നത കേന്ദ്ര ഉദ്യോഗസ്ഥന്മാർക്കും (CGHS) ഇത്തരത്തിൽ നിയന്ത്രണങ്ങൾ ഇല്ലാത്ത ചികിത്സ സൗകര്യങ്ങൾ ഉണ്ട്. അധികാരം കയ്യാളുന്നവർ പൊതുപണം സ്വന്തം ആരോഗ്യത്തിനായി നിയന്ത്രണമേതുമില്ലാതെ ചെലവിടുകയും കോടതിയിൽ വന്നു ഖജനാവിൽ പണം ഇല്ലാത്തതിനാൽ ജീവൻരക്ഷാ മരുന്ന് നൽകാൻ പറ്റില്ല എന്നും അവർക്ക് യാചിക്കാൻ ആവശ്യമായ സൗകര്യം ചെയ്തു തരാം എന്നും പറയുന്നിടത്ത് ജനാധിപത്യം അസ്തമിക്കുന്നു.

ഒരു സമൂഹം എന്ന നിലയിൽ ഏതുതരത്തിലുള്ള ആരോഗ്യ സംവിധാനമാണ് നമ്മൾ ആഗ്രഹിക്കുന്നത് എന്ന വളരെ പ്രധാനപ്പെട്ട ഒരു ചോദ്യം ഹൈക്കോടതിയുടെ ഈ സുപ്രധാന വിധി ഉയർത്തുന്നുണ്ട്. സാമൂഹികമായ കൂട്ടുത്തരവാദിത്വത്തിലൂടെ മാത്രമേ എല്ലാവരുടെയും ആരോഗ്യ ആവശ്യങ്ങളെ നേരിടാൻ കഴിയൂ എന്ന ഓർമപ്പെടുത്തലാണ് ഈ വിധി. ജനപക്ഷ ആരോഗ്യ നയരൂപീകരണത്തിന് ഈ കോടതി വിധി ശക്തി പകരുമെന്ന് പ്രത്യാശിക്കാം.